# ശ്രീകോവിലിൽ

## 1. നിർവൃതി



ഈറനാം മുടിത്തുമ്പിൽ
തുളസിക്കതിർ ചൂടി
കോവിലിൽ പോകാനെന്നെ
നീ വിളിക്കുന്നു വീണ്ടും.

ശംഖൊലി മുഴങ്ങുന്ന
സന്ധ്യയും, കർപ്പൂരത്തിൻ
ഗന്ധമാർന്നൊഴുകുന്ന
തെന്നലും, പൂജാപുഷ്പ-
തല്പവുമേന്തിക്കൊണ്ടെ-
ന്നരികേ നിൽക്കും നീയും

നിൻെറ നീൾമിഴിക്കോണിൽ
കാണുമീ പ്രസാദവും
നിർവൃതി പെയ്യുമ്പോളെൻ
കരളിൽ, ശ്രീകോവിലിൻ
മുന്നിൽ നാമിനിയിന്നു
പോകണോ തൊഴാൻ തോഴി!

## 2. നിൻെറ ചിത്രം

താമരക്കുളത്തിൻെറ
കരയിൽക്കൂടേ, കുളി-
ച്ചീറനായ് പോകും നിൻെറ
ശാലീനമാകും രൂപം

മൂകയായ്, ഏകാഗ്രയായ്,
ധ്യാനലീനയായ് നിൽക്കും
താവകാത്മാവിൽ ത്തിരി-
നീട്ടുമീബ്ഭാവോൻമാദം

എങ്ങിനെ വരയ്ക്കുവാ-
നേതു വർണ്ണത്താൽ? നിൻെറ
മുഗ്ധത രൂപത്തിലോ?
ഭാവ നൈർമമല്യത്തിലോ?

### 3. ജീവിതം ധന്യം

ഭഗവൽപ്പാദങ്ങളി–
ലർച്ചനയ്ക്കെന്നും നിത്യ–
ഹരിതങ്ങളാം കൃഷ്ണ–
തുളസീ ദളങ്ങളായ്
വിരിയാൻ കഴിഞ്ഞെങ്കി–
ലപ്പദങ്ങളിൽ ത്താണു
മുകരാൻ കഴിഞ്ഞെങ്കി–
ലൊരു കർപ്പൂരത്തിരി–
നാളമായല്ലെങ്കിലീ
മൺവിളക്കിലെ സ്നേഹ–
ധാരയായെരിഞ്ഞെങ്കി–
ലെൻെറ ജീവിതം ധന്യം!. ■